**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 135** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മരണ നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ സി ആർ മഹേഷ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2021 ജനുവരി ഒന്നുമുതൽ മെയ് 31 വരെയുള്ള അഞ്ചു മാസങ്ങളിൽ തദ്ദേശ വകുപ്പിന്റെ മരണ രജിസ്ട്രേഷൻ കണക്കുപ്രകാരം രേഖപ്പെടുത്തിയിട്ടുള്ള കോവിഡ് മരണങ്ങളുടെ ശരാശരി നിരക്ക്, ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം നാളിതുവരെയുള്ള ആകെ കോവിഡ് മരണങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ വലിയ വ്യത്യാസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | ഇല്ല, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സേവന രജിസ്ട്രേഷൻ പോർട്ടൽപ്രകാരം ആകെ മരണങ്ങളുടെ എണ്ണം മാത്രമേ ലഭ്യമാവുകയുള്ളൂ. ജനുവരി 1 മുതൽ മെയ് 31 വരെയുള്ള കോവിഡ് മരണങ്ങളുടെ നിരക്ക് പ്രസ്തുത വെബ് സൈറ്റിൽ ലഭ്യമല്ല. കേരളത്തിൽ, 21/07/2021 വരെ 15,617 (പതിനയ്യായിരത്തി അറുനൂറ്റി പതിനേഴ്) മരണങ്ങളാണ് കോവിഡ് മൂലം സ്ഥിരീകരിച്ചത്. ഇതിൽ 2021 ജനുവരി 1 മുതൽ മെയ് 31 വരെ 5743 കോവിഡ് മരണങ്ങളാണ് കേരളത്തിൽ സ്ഥിരീകരിച്ചത്. |
| (ബി) | കോവിഡിന്റെ ആഗോള തലത്തിൽ അംഗീകരിക്കപ്പെട്ട കേസ് ഫറ്റാലിറ്റി റേറ്റ് ഒരു ശതമാനം ആയിരിക്കുമ്പോൾ കേരളത്തിൽ ഏറ്റവുമധികം മരണം റിപ്പോർട്ട് ചെയ്ത ജില്ലകളിൽ പോലും സി.എഫ്.ആർ. ഒരു ശതമാനത്തിൽ താഴെയാണ് എന്നത് മരണങ്ങളുടെ എണ്ണം അധികൃതർ ബോധപൂർവ്വം കുറച്ചു കാണിക്കുന്നതിനാലാണെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ; | (ബി) | കേരളത്തിലെ CFR 0.49% ആണ്. ഇന്ത്യയുൾപ്പെടെയുള്ള വിവിധ രാജ്യങ്ങളിലെ കേസ് ഫറ്റാലിറ്റി റേറ്റ് ചുവടെ ചേർക്കുന്നു. രാജ്യം CFR ഇന്ത്യ 1.34% സ്വീഡൻ 1.34% ഇറ്റലി 2.98% ബ്രസീൽ 2.8% ഇറാൻ 2.45% ജർമ്മനി 2.44% സ്പെയിൻ 1.94% USA 1.78% ദക്ഷിണകൊറിയ 1.13% ന്യൂസിലാന്റ് 0.42% ആഗോളതലത്തിലെ ഫറ്റാലിറ്റി റേറ്റ് 2.15% ആണ്. മേൽപ്പറഞ്ഞ വിവരങ്ങൾ പരിശോധിക്കുമ്പോൾ വിവിധരാജ്യങ്ങളിൽ കോവിഡ് 19 ന്റെ CFR ഒന്നിനു മുകളിലായി കാണാം. എന്നാൽ കേരളത്തിലെ പ്രതിരോധ പ്രവർത്തനങ്ങളുടെയും, മികച്ച പൊതുജനാരോഗ്യ സംവിധാനങ്ങളുടെയും ഫലമായിട്ടാണ് കോവിഡ് 19 ന്റെ മരണ നിരക്ക് ഒന്നിൽ താഴെ നിർത്താൻ കേരളത്തിന് സാധിച്ചത്. കേരളത്തിൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് നിലവിൽ ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. WHO യുടെയും, ICMR ന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് മരണങ്ങൾ |

| | | | |
|---|---|---|---|
| | | | സ്ഥിരീകരിക്കപ്പെടുന്നത്. ഇതിനായി സജ്ജമാക്കിയ ഓൺലൈൻ പോർട്ടലിലൂടെ അതാത് ആശുപത്രികളിൽ നിന്നും ചികിത്സിച്ച ഡോക്ടർമാർ മരണകാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺ ലൈനിലൂടെ അപ് ലോഡ് ചെയ്യുന്നു. ഇത് ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം സ്ഥിരീകരിക്കുന്നു. ശേഷം സംസ്ഥാനതലത്തിൽ ഇത്തരം വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്യുന്നു. നേരത്തെ മെയിൽ വഴിയുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. ഇത് കാലതാമസം വരുത്തുന്നുവെന്ന് കണ്ടെത്തിയാണ് ഓൺലൈൻ റിപ്പോർട്ടിങ്ങ് സമ്പ്രദായം ആവിഷ്കരിച്ചത്. മരണം റിപ്പോർട്ട് ചെയ്യപ്പെടുന്നത് Online മാർഗ്ഗത്തിലൂടെ ആയതിനാൽ കോവിഡ് മരണമാണോ, അല്ലയോ എന്ന് സ്ഥിരീകരിക്കുന്നതിനുള്ള കാലതാമസം പരമാവധി കുറയുന്നതാണ്. വീടുകളിൽ വച്ച് മരണമടയുന്നവരുടെ വിശദാംശങ്ങൾ PHC മെഡിക്കൽ ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യുന്നത്. ഇതും ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് സ്ഥിരീകരിക്കുകയും, ഓൺലൈൻ ആയി സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. CFR, മരണനിരക്ക് എന്നിവ കുറച്ച് കാണിക്കുന്നതിന് വേണ്ടിയുള്ള യാതൊരുവിധ നടപടികളും ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടില്ല. മാത്രമല്ല മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും, കൃത്യത ഉറപ്പ് വരുത്തുന്നതിനും കൂടിയാണ് ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയത്. |
| (സി) | കോവിഡ് മരണങ്ങളുടെ എണ്ണം കുറച്ച് കാണിച്ചതായി ആക്ഷേപമുള്ള സാഹചര്യത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം ലഭിക്കാതിരിക്കുന്നത് ഒഴിവാക്കുന്നതിനായി സംസ്ഥാനത്തെ കോവിഡ് മരണങ്ങൾ സംബന്ധിച്ച പുതുക്കിയ കണക്കെടുപ്പിന് സർക്കാർ തയ്യാറാകുമോ എന്ന് അറിയിയിക്കുമോ; | (സി) | കേരളത്തിലെ CFR 0.49% ആണ്. ഇന്ത്യയുൾപ്പെടെയുള്ള വിവിധ രാജ്യങ്ങളിലെ കേസ് ഫറ്റാലിറ്റി റേറ്റ് ചുവടെ ചേർക്കുന്നു. രാജ്യം CFR ഇന്ത്യ 1.34% സ്വീഡൻ 1.34% ഇറ്റലി 2.98% ബ്രസീൽ 2.8% ഇറാൻ 2.45% ജർമ്മനി 2.44% സ്പെയിൻ 1.94% USA 1.78% ദക്ഷിണകൊറിയ 1.13% ന്യൂസിലാന്റ് 0.42% ആഗോളതലത്തിലെ ഫറ്റാലിറ്റി റേറ്റ് 2.15% ആണ്. മേൽപ്പറഞ്ഞ വിവരങ്ങൾ പരിശോധിക്കുമ്പോൾ വിവിധരാജ്യങ്ങളിൽ കോവിഡ് 19 ന്റെ CFR ഒന്നിനു മുകളിലായി കാണാം. എന്നാൽ കേരളത്തിലെ പ്രതിരോധ പ്രവർത്തനങ്ങളുടെയും, മികച്ച പൊതുജനാരോഗ്യ സംവിധാനങ്ങളുടെയും ഫലമായിട്ടാണ് കോവിഡ് 19 ന്റെ മരണ നിരക്ക് ഒന്നിൽ താഴെ നിർത്താൻ കേരളത്തിന് സാധിച്ചത്. കേരളത്തിൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | ചെയ്യുന്നത് നിലവിൽ ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. WHO യുടെയും, ICMR ന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് മരണങ്ങൾ സ്ഥിരീകരിക്കപ്പെടുന്നത്. ഇതിനായി സജ്ജമാക്കിയ ഓൺലൈൻ പോർട്ടലിലൂടെ അതാത് ആശുപത്രികളിൽ നിന്നും ചികിത്സിച്ച ഡോക്ടർമാർ മരണകാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺ ലൈനിലൂടെ അപ് ലോഡ് ചെയ്യുന്നു. ഇത് ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം സ്ഥിരീകരിക്കുന്നു. ശേഷം സംസ്ഥാനതലത്തിൽ ഇത്തരം വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്യുന്നു. നേരത്തെ മെയിൽ വഴിയുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. ഇത് കാലതാമസം വരുത്തുന്നുവെന്ന് കണ്ടെത്തിയാണ് ഓൺലൈൻ റിപ്പോർട്ടിങ്ങ് സമ്പ്രദായം ആവിഷ്കരിച്ചത്. മരണം റിപ്പോർട്ട് ചെയ്യപ്പെടുന്നത് Online മാർഗ്ഗത്തിലൂടെ ആയതിനാൽ കോവിഡ് മരണമാണോ, അല്ലയോ എന്ന് സ്ഥിരീകരിക്കുന്നതിനുള്ള കാലതാമസം പരമാവധി കുറയുന്നതാണ്. വീടുകളിൽ വച്ച് മരണമടയുന്നവരുടെ വിശദാംശങ്ങൾ PHC മെഡിക്കൽ ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യുന്നത്. ഇതും ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് സ്ഥിരീകരിക്കുകയും, ഓൺലൈൻ ആയി സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. CFR, മരണനിരക്ക് എന്നിവ കുറച്ച് കാണിക്കുന്നതിന് വേണ്ടിയുള്ള യാതൊരുവിധ നടപടികളും ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടില്ല. മാത്രമല്ല മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും, കൃത്യത ഉറപ്പ് വരുത്തുന്നതിനും കൂടിയാണ് ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയത്. |
| (ഡി) | എങ്കിൽ എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും പുതിയ കണക്കെടുപ്പ് നടത്തുക എന്ന് വെളിപ്പെടുത്തുമോ? | (ഡി) | കേരളത്തിലെ CFR 0.49% ആണ്. ഇന്ത്യയുൾപ്പെടെയുള്ള വിവിധ രാജ്യങ്ങളിലെ കേസ് ഫറ്റാലിറ്റി റേറ്റ് ചുവടെ ചേർക്കുന്നു. രാജ്യം CFR ഇന്ത്യ 1.34% സ്വീഡൻ 1.34% ഇറ്റലി 2.98% ബ്രസീൽ 2.8% ഇറാൻ 2.45% ജർമ്മനി 2.44% സ്പെയിൻ 1.94% USA 1.78% ദക്ഷിണകൊറിയ 1.13% ന്യൂസിലാന്റ് 0.42% ആഗോളതലത്തിലെ ഫറ്റാലിറ്റി റേറ്റ് 2.15% ആണ്. മേൽപ്പറഞ്ഞ വിവരങ്ങൾ പരിശോധിക്കുമ്പോൾ വിവിധരാജ്യങ്ങളിൽ കോവിഡ് 19 ന്റെ CFR ഒന്നിനു മുകളിലായി കാണാം. എന്നാൽ കേരളത്തിലെ പ്രതിരോധ പ്രവർത്തനങ്ങളുടെയും, മികച്ച |

| | | | | |
|---|---|---|---|---|
| | | | | പൊതുജനാരോഗ്യ സംവിധാനങ്ങളുടെയും ഫലമായിട്ടാണ് കോവിഡ് 19 ന്റെ മരണ നിരക്ക് ഒന്നിൽ താഴെ നിർത്താൻ കേരളത്തിന് സാധിച്ചത്. കേരളത്തിൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് നിലവിൽ ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. WHO യുടെയും, ICMR ന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് മരണങ്ങൾ സ്ഥിരീകരിക്കപ്പെടുന്നത്. ഇതിനായി സജ്ജമാക്കിയ ഓൺലൈൻ പോർട്ടലിലൂടെ അതാത് ആശുപത്രികളിൽ നിന്നും ചികിത്സിച്ച ഡോക്ടർമാർ മരണകാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺ ലൈനിലൂടെ അപ് ലോഡ് ചെയ്യുന്നു. ഇത് ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം സ്ഥിരീകരിക്കുന്നു. ശേഷം സംസ്ഥാനതലത്തിൽ ഇത്തരം വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്യുന്നു. നേരത്തെ മെയിൽ വഴിയുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. ഇത് കാലതാമസം വരുത്തുന്നുവെന്ന് കണ്ടെത്തിയാണ് ഓൺലൈൻ റിപ്പോർട്ടിങ്ങ് സമ്പ്രദായം ആവിഷ്കരിച്ചത്. മരണം റിപ്പോർട്ട് ചെയ്യപ്പെടുന്നത് Online മാർഗ്ഗത്തിലൂടെ ആയതിനാൽ കോവിഡ് മരണമാണോ, അല്ലയോ എന്ന് സ്ഥിരീകരിക്കുന്നതിനുള്ള കാലതാമസം പരമാവധി കുറയുന്നതാണ്. വീടുകളിൽ വച്ച് മരണമടയുന്നവരുടെ വിശദാംശങ്ങൾ PHC മെഡിക്കൽ ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യുന്നത്. ഇതും ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് സ്ഥിരീകരിക്കുകയും, ഓൺലൈൻ ആയി സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. CFR, മരണനിരക്ക് എന്നിവ കുറച്ച് കാണിക്കുന്നതിന് വേണ്ടിയുള്ള യാതൊരുവിധ നടപടികളും ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടില്ല. മാത്രമല്ല മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും, കൃത്യത ഉറപ്പ് വരുത്തുന്നതിനും കൂടിയാണ് ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയത്. |

സെക്ഷൻ ഓഫീസർ